# Deepika

# 23 August 2018

# Kochi: Pubic news, Precautions



വായനക്കാരുടെ കത്തുകളും അഭിപ്രായങ്ങളും ദീപികയിലേക്ക് ഇ-മെയിൽ ആയി അയയ്ക്കാം. letters@deepika.com എന്ന മെയിൽ ഐഡിയിലേക്കാണു മെയിൽ ചെയ്യേണ്ടത്. അയയ്ക്കുന്നയാളുടെ പൂർണമായ പേരും തപാൽവിലാസവും ഫോൺ നമ്പരും കത്തിനൊപ്പം ഉണ്ടായിരിക്കണം. അവ ഇല്ലാത്ത കത്തുകൾ പ്രസിദ്ധീകരിക്കുന്നതല്ല.

കത്തുകൾ

## ജലസംഭരണികളുടെ സുരക്ഷ ഉറപ്പുവരുത്തണം

കാലവർഷം ശക്തിപ്പെട്ടപ്പോൾ സംസ്ഥാനത്തെ ജലസംഭരണികളിൽ ജലനിരപ്പ് ശേഷിക്കു മുകളിൽ എത്തി. ചെറുതോണി ഡാമിന്റെ ഷട്ടർ ഉയർത്തിയതും കനത്ത മഴയും മൂലം പെരിയാർ കരകവിഞ്ഞു. ആലുവ വെള്ളത്തിനടിയിലായി.

മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർന്നു വെള്ളം ഒഴുക്കിവിട്ടു. 120 വർഷം പഴക്കമുള്ള ഡാമിന്റെ ഇന്നത്തെ സ്ഥിതി അതീവ ഗുരുതരമാണ്. ഡാമിന്റെ നിർമാണത്തിന് ഉപയോഗിച്ചിരുന്ന സുർക്കി കാലപ്പഴക്കത്തിൽ ഒലിച്ചുപോയി. 99 വർഷത്തെ കാലാവധിക്ക് എഴുതിക്കൊടുത്ത പാട്ടക്കരാർ 999 വർഷമായി തിരുത്തിയതിനു പിന്നിലുള്ള ഗൂഢതന്ത്രം വെളിച്ചത്തുകൊണ്ടുവരണം.

പ്രകൃതിദുരന്തങ്ങൾ ഏതുസമയത്തും എവിടെയും ഉണ്ടാകും. മുല്ലപ്പെരിയാർ ഡാമിനു സമീപം ഒരു ചെറിയ ഭൂകമ്പം ഉണ്ടായാൽ ഡാം തകരുമെന്ന ആശങ്ക ശക്തമാണ്. ബേബിഡാമിനോടു ചേർന്ന് ഉരുൾപൊട്ടൽ ഉണ്ടായാലും ഡാം തകരാം.

ഡാം തകർന്നാൽ വലിയ ജലപ്രവാഹം ഉണ്ടാകും. വെള്ളം ഒരുമണിക്കൂർ കൊണ്ട് ഇടുക്കി ഡാമിലെത്തും. ഇടുക്കി ഡാമിൽ ജലം ഉയർന്നുനിൽക്കുന്ന സമയത്തുവരുന്ന വെള്ളം തടഞ്ഞുനിർത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. അങ്ങനെ ഒരു പ്രതിസന്ധി ഉണ്ടായാൽ അതിനെ എങ്ങനെ നേരിടും? ജനങ്ങൾ ഉത്കണ്ഠയോടെയാണ് അതിനെ കാണുന്നത്. അവസ്ഥ ഭയാനകമാണ്.

ജോസഫ് ചാക്കോ മരങ്ങാട്ടുപിള്ളി

## വീണ്ടും മുല്ലപ്പെരിയാർ!

'മന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹം' എന്ന ശീർഷകത്തിൽ ദീപികയിൽ പ്രസിദ്ധീകരിച്ച കത്ത് കാണുകയുണ്ടായി.

അമ്പതുവർഷത്തെ ഗാരന്റിയോടെ നിർമിച്ച മുല്ലപ്പെരിയാർ ഡാം 120 വർഷം കഴിഞ്ഞാലും നിലനിൽക്കുമെന്നു പറയുന്നതു യുക്തിക്കു നിരക്കാത്തതാണെന്ന വൈദ്യുതിമന്ത്രിയുടെ പ്രസ്താവന ഇരുളിൽ ഒരു തിരിനാളമായി അനുഭവപ്പെടുന്നു. മുല്ലപ്പെരിയാർ തകരുമെന്ന ഭീതി അടിസ്ഥാനരഹിതമാണെന്നു പറയുന്നവർ കേരളത്തിൽതന്നെയുണ്ട് എന്ന് കാര്യം ഇവിടെ ഓർക്കേണ്ടതാണ്.

ലോകത്തുള്ള ഏതിനും ഒരു പരമാവധി ആയുസുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടും ഇതിനൊരപവാദമല്ല. അമ്പതു വർഷത്തെ ആയുസു കണക്കാക്കി കരിങ്കല്ലും ചുണ്ണാമ്പും സുർക്കിയും കൊണ്ടു നിർമിച്ച അണക്കെട്ട് 120 വർഷത്തെ ആയുസ് തികച്ചു. സുർക്കി ഉപയോഗിച്ചു പണിതതിൽ നിലനിൽക്കുന്ന ഇന്ത്യയിലെ ഒരേയൊരു അണക്കെട്ട് മുല്ലപ്പെരിയാറാണ്. ഡാം നിർമാണത്തിന്റെ നൂതന സാങ്കേതികവിദ്യകളൊന്നും വശമില്ലാത്ത അക്കാലത്ത് നിർമിച്ച ഡാം ഇത്രയും കാലം നിലനിന്നതുതന്നെ മഹാഭാഗ്യം. അടിക്കടി ഉണ്ടാകുന്ന ഭൂകമ്പങ്ങളിലൊന്ന് ശക്തമായാൽ അതുണ്ടാക്കുന്ന ദുരന്തം അചിന്തനീയമാണ്.

അണക്കെട്ടു തകർന്നാൽ നാലുപാടും വെള്ളവും ചെളിയും മണ്ണും കുത്തിയൊഴുകി തൊട്ടടുത്ത ഗ്രാമങ്ങളെല്ലാം മണ്ണിനടിയിലാകും. മുല്ലപ്പെരിയാറിനു താഴെയുള്ള പ്രദേശങ്ങൾ നിമിഷങ്ങൾക്കകം ഇല്ലാതാകും. കാലവർഷം കനത്ത് ജലനിരപ്പ് കൂടുമ്പോഴാണ് അപകടമുണ്ടാകുന്നതെങ്കിൽ അതു താങ്ങാനുള്ള ശക്തി ഇടുക്കി അണക്കെട്ടിന് ഉണ്ടായിക്കൊള്ളണമെന്നില്ല.

കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ചെയ്യേണ്ടതു യഥാസമയം ചെയ്യാൻ ചങ്കുറപ്പുള്ള നേതൃത്വം കേരളത്തിന് ഇല്ലാതെപോയി എന്ന വസ്തുത മറച്ചുവച്ചിട്ടു കാര്യമില്ല. പരിശോധനയും കമ്മിറ്റി കൂടലും കോടതിയുമായി കാലം കഴിക്കുന്നു. തമിഴ്നാടാകട്ടെ സിമന്റു ചാന്തു കൊണ്ട് അടച്ച് ഡാമിന്റെ ചോർച്ച മറയ്ക്കാൻ ശ്രമിക്കുന്നു. ഏതായാലും ഇടുക്കിയുടെ സ്വന്തം മന്ത്രി ഈ വിഷയത്തിൽ ഗൗരവപൂർവം ഇടപെടുമെന്നു പ്രതീക്ഷിക്കുന്നു.

വി.എസ്. ബാലകൃഷ്ണപിള്ള,
മണക്കാട്, തൊടുപുഴ

## ഇടുക്കി പാക്കേജ് പ്രഖ്യാപിക്കണം

കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുട്ടനാടിന്റെ അവസ്ഥ പറഞ്ഞറിയിക്കാനാവില്ല. നൂറുകണക്കിനു വീടുകൾ നഷ്ടപ്പെട്ടു. കൃഷികൾ മുഴുവൻ നശിച്ചു. വളർത്തുമൃഗങ്ങളും നഷ്ടപ്പെട്ടു. ഇതിന്റെയൊന്നും നഷ്ടം തിട്ടപ്പെടുത്തുവാൻ ആരാലും സാധ്യമല്ല. കുട്ടനാടിനെ ദുരിതക്കയത്തിൽനിന്നും കരകയറ്റാനും കുട്ടനാടിന്റെ സമഗ്രവികസനത്തിനും ഉപകരിക്കത്തക്കവിധത്തിൽ കുട്ടനാട് പാക്കേജ് നടപ്പാക്കാനുമുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്.

കുട്ടനാട് പോലെതന്നെ ഇടുക്കി ജില്ലയും ദുരിതത്തിലാണ്. ഇടുക്കിയുടെ കുടിയേറ്റ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്തവിധത്തിലുള്ള പേമാരിയും ഉരുൾപൊട്ടലുമാണ് ഈ പ്രാവശ്യം ഉണ്ടായത്. വ്യാപകമായി മണ്ണിടിച്ചിൽ ഉണ്ടായി. വൃക്ഷങ്ങൾ കടപുഴകി വീണു വീടുകൾ തകർന്നു. ആയിരക്കണക്കിനു വീടുകൾ പൂർണമായും ഭാഗികമായും തകർന്നു.

പകൽ അധ്വാനിച്ച്, രക്തം വിയർപ്പാക്കി വളർത്തിക്കൊണ്ടുവന്ന കൃഷികൾ മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. നിരവധി ആളുകൾ മരണമടഞ്ഞു. ഏലം കൃഷി പാടേ നശിച്ചു. ആയിരക്കണക്കിനു തൊഴിലാളികൾക്കു ജോലി ഏലം കൃഷിമൂലം ലഭിച്ചിരുന്നു. കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം ഏലക്കായിൽനിന്നും കേന്ദ്രസർക്കാരിൽ ലഭിച്ചിരുന്നു. കുരുമുളക് കൃഷിയും നശിച്ചു.

വലിയ കടബാധ്യതയിലാണ് ഇടുക്കി ജില്ലയിലെ കർഷകർ പെട്ടിരിക്കുന്നത്. ബാങ്കുകൾ ജപ്തി ഉൾപ്പെടെയുള്ള നടപടികളിലേക്കു നീങ്ങുന്നു. കർഷകരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളണം. വീണ്ടും കൃഷിയിറക്കുവാൻ ദീർഘകാലാവധിക്ക് പലിശരഹിത വായ്പ ലഭ്യമാക്കുകയും വേണം.

ഇടുക്കി മലമടക്കുകളിലെ ഫലഭൂയിഷ്ഠ മണ്ണാണ് ഒഴുകി ഡാമുകളിൽ എത്തിയിട്ടുള്ളത്. മണ്ണൊലിപ്പു തടയാൻ അടിയന്തര നടപടികൾ ഉണ്ടാകണം. ഡോ. സ്വാമിനാഥൻ കമ്മീഷൻ പ്രഖ്യാപിച്ച ഇടുക്കി പാക്കേജ് നടപ്പാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയാറാകണം. ഇടുക്കിയുടെ സമഗ്രവളർച്ചയ്ക്ക് 2000 കോടി രൂപയുടെ പാക്കേജിനു രൂപം നൽകണം.

അഗസ്റ്റിൻ കുറുമണ്ണ്
കുഴിത്തൊളു, ഇടുക്കി